മിൽമ കൊണ്ടു വന്നിരുന്ന പാലിന്റെ അളവിൽ ഗണ്യമായ കുറവു വന്നതാണ് നഗര പ്രദേശങ്ങളിലെ വിതരണത്തെ ബാധിച്ചത്. ഈ സാഹചര്യം കണക്കിലെടുത്ത് പാലുൽപ്പന്ന നിർമ്മാണം കുറച്ച് ശേഖരിക്കുന്ന പാൽ മുഴുവൻ ലിക്വിഡ് മിൽക്കായി വിതരണം ചെയ്യുവാൻ മേഖലാ യൂണിയനുകൾക്കും മറ്റ് പ്രൈവറ്റ് ഡയറികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ക്ഷീര സഹകരണ സംഘങ്ങളിലെ പ്രാദേശിക വിൽപ്പന കുറച്ച് ഡയറികൾക്ക് കൂടുതൽ പാൽ ലഭ്യമാക്കുവാനും നടപടി സ്വീകരിച്ചു വരുന്നു.

ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

135(1392) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) ബ്ലോക്കുതല ക്ഷീരവികസന ഓഫീസുകളിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പാലുല്പാദനം വർദ്ധിപ്പിച്ചും ഗ്രാമതലത്തിൽ സംഭരണവും വിപണനവും ശക്തിപ്പെടുത്തിയും ക്ഷീരകർഷകർക്കാവശ്യമായ ഉല്പാദന ഉപാധികൾ ലഭ്യമാക്കിയും കേരള സഹകരണ സംഘം നിയമ പ്രകാരം ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ മേൽനോട്ടം വഹിച്ചും ഉപഭോക്താക്കൾക്ക് ലഭിക്കുന്ന പാൽ ഗുണമേൻമയുള്ളതാണെന്ന് ഉറപ്പാക്കിയും അവശ്യ സാധന നിയന്ത്രണ നിയമ പ്രകാരം കേന്ദ്ര ഗവൺമെന്റ് ഇറക്കിയിട്ടുള്ള മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട്സ് ഓർഡർ 1992 സംസ്ഥാനത്ത് നടപ്പിലാക്കിയും കേരള നിയമസഭ 2007 മാർച്ച് 29-ന് പാസ്സാക്കിയതും 2007 ഏപ്രിൽ 13-ന് നിലവിൽ വന്നതുമായ കേരള ക്ഷീര കർഷക ക്ഷേമനിധി ബിൽ പ്രകാരമുള്ള ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കിയും സംസ്ഥാന ക്ഷീര വികസന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ വിജ്ഞാന വ്യാപനം ശക്തിപ്പെടുത്താനും തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിന് ഹെക്ടറിന് 10000 രൂപ സബ്സിഡി നൽകി ഊർജ്ജിത ശ്രമങ്ങൾ വകുപ്പ് കൈക്കൊണ്ടു വരുന്നു. ക്ഷീരമേഖലയുടെ പുരോഗതി ലാക്കാക്കി ത്രിതല പഞ്ചായത്തുകളുമായി സഹകരിച്ച് വിവിധ പദ്ധതികൾ ഡിപ്പാർട്ടുമെന്റ് പ്രാദേശികമായി നടപ്പാക്കി വരുന്നു. പാൽ ഉൽപ്പാദന വർദ്ധനവിനും ക്ഷീരകർഷകരെ ഈ മേഖലയിൽ നിലനിർത്തുന്നതിനും പുതിയ സംരംഭകരെ ആകർഷിക്കുന്നതിനും ലക്ഷ്യമിട്ട് കഴിഞ്ഞ നീലുവർഷമായി സംസ്ഥാന ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1. മിൽക്ക് ഷെഡ് വികസന പദ്ധതി (എം.എസ്.ഡി.പി.)

2. തീറ്റപ്പുൽ കൃഷി വികസനം.

3. ഗ്രാമീണ ക്ഷീരവിജ്ഞാന വ്യാപനം.

4. കാലിത്തീറ്റ സബ്സിഡി.

5. പാലിന്റെ ഗുണനിലവാരം ഉറപ്പാക്കൽ.

6. ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള സഹായം.

(ബി) ബ്ലോക്കുതല ക്ഷീരവികസന ഓഫീസുകളിൽ ഒഴിഞ്ഞുകിടക്കുന്ന എല്ലാ തസ്തികകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പശുഗ്രാമം, മിൽക്ക്ഷെഡ് പദ്ധതികളിലൂടെ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ചെലവഴിച്ച തുക

136(1393) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പശുഗ്രാമം, മിൽക്ക്ഷെഡ് പദ്ധതികളിലൂടെ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് എത്ര തുക ചെലവഴിച്ചുവെന്നും ഇതിന്റെ ഗുണഭോക്താക്കളുടെ പേരുവിവരവും അനുവദിച്ച തുക എത്രയെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിശദാംശം ചുവടെ ചേർക്കുന്നു:

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പശുഗ്രാം പദ്ധതി നടപ്പിലാക്കിയിട്ടില്ല. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി 2009-10 വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു:

മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി 2009-10 അവശ്യാധിഷ്ഠിത ധനസഹായം തൊഴുത്ത് നവീകരണം.

കൊയിലാണ്ടി മുൻസിപ്പാലിറ്റി

1. രാജൻ പി. എം. കല്ലിട്ടനടക്കുനി, പെരുവട്ടൂർ, കൊയിലാണ്ടി.

2. മില. കെ. കല്ലിട്ടനടക്കുനി, പെരുവട്ടൂർ, കൊയിലാണ്ടി.

3. ഉഷ ടി. എം. എരോച്ചംകണ്ടി, കോതമംഗലം, കൊയിലാണ്ടി.

4. വിലാസിനി എൻ. പി. പടിഞ്ഞാറെ പൊയ്യത്ത്, കുറുങ്ങാട്, കൊയിലാണ്ടി.

5. ടി. എം. ശ്രീദേവി അമ്മ, തച്ചംവെള്ളി മിത്തൽ, കോതമംഗലം, കൊയിലാണ്ടി.

LIBRARY ARCHIVES Kerala Legislative Assembly